# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5108 06.02.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ലഭിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികൾ എത്രയാണ്; ജില്ലതിരിച്ച് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ 600 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് കോടതികളിൽ ലഭിച്ച സംരക്ഷണഹർജികൾ ഇതേകാലയളവിൽ എത്രയായിരുന്നു; | (ബി) ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് 18-5-2011 മുതൽ 31-1-2014 വരെ കോടതികളിൽ 4545 സംരക്ഷണഹർജികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) കോടതിയിലും പോലീസ് സ്റ്റേഷനുകളിൽ നേരിട്ടും ലഭിച്ച എത്ര ഹർജികളുമായി ബന്ധപ്പെട്ട എത്ര കേസുകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ? | (സി) കോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ 1053 കേസുകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ട്. പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് ലഭിച്ച 3 ഹർജികളുമായി ബന്ധപ്പെട്ട 3 കേസുകൾ ഇനിയും തീർപ്പാക്കാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികൾ**

**(ജില്ല തിരിച്ചുള്ള കണക്കുകൾ)**

| പോലീസ് ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 97 |
| തിരുവനന്തപുരം റൂറൽ | 42 |
| കൊല്ലം സിറ്റി | 17 |
| കൊല്ലം റൂറൽ | 31 |
| പത്തനംതിട്ട | 105 |
| ആലപ്പുഴ | 137 |
| കോട്ടയം | 18 |
| ഇടുക്കി | 6 |
| എറണാകുളം സിറ്റി | 24 |
| എറണാകുളം റൂറൽ | 30 |
| തൃശ്ശൂർ സിറ്റി | 24 |
| തൃശ്ശൂർ റൂറൽ | 16 |
| പാലക്കാട് | 23 |
| മലപ്പുറം | 15 |
| കോഴിക്കോട് സിറ്റി | 0 |
| കോഴിക്കോട് റൂറൽ | 4 |
| വയനാട് | 1 |
| കണ്ണൂർ | 9 |
| കാസർഗോഡ് | 1 |
| റെയിൽവേസ് | 0 |
| **ആകെ** | **600** |

സെക്ഷൻ ഓഫീസർ

11056/എം.3/2014/ ആഭ്യന്തരം

ആഭ്യന്തര (എം) വകുപ്പ്

## പതിമൂന്നാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിൽ 6.2.2014 - ന് മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5122 - ന്മേലുള്ള മറുപടി നൽകുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം സംബന്ധിച്ച പത്രിക

6.2.2014-ന് മറുപടി നൽകേണ്ടിയിരുന്ന 5122- ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യത്തിന്റെ 'ബി' പിരിവിന് വിവരസാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും വിവരം ലഭിക്കാത്തതിനാൽ ടി പിരിവിന് 'വിവരം ശേഖരിച്ചു നൽകുന്നതാണ്' എന്ന ഇടക്കാല മറുപടിയാണ് നൽകുകയുണ്ടായത്. പിന്നീട് വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്ന് മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ മറുപടി അംഗീകരിച്ചു. മേൽ നടപടികൾ പൂർത്തിയായപ്പോഴേയ്ക്കും 15 ദിവസം കഴിഞ്ഞുപോയിരുന്നു. മനഃപൂർവ്വമല്ലാത്ത ഈ കാലതാമസം മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.